**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 11 — 04.06.2018-ൽ മറുപടിയ്ക്ക്

**<u>മെഡിക്കൽ കോളേജുകളുടെ വികസനം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ**<br>**,, ഒ. ആർ. കേളു**<br>**,, എ. എൻ. ഷംസീർ**<br>**,, എം. മുകേഷ്** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജുകളെ ഉൽകൃഷ്ട സ്ഥാപനങ്ങൾ(Centre of Excellence) ആയി ഉയർത്തുന്ന പരിപാടിയുടെ ഭാഗമായി നടത്തി വരുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) & (ബി) | അനുബന്ധം -I ആയി ചേർത്തിരിക്കുന്നു. |
| (ബി) | വയനാട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള അഞ്ച് ആശുപത്രികളെ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | | |
| (സി) | പരിയാരം മെഡിക്കൽ കോളേജിനെ ഏറ്റെടുത്ത് എയിംസിനു സമാനമായി വികസിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ? | (സി) | പരിയാരം മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെങ്കിലും എയിംസിനു സമാനമായി വികസിപ്പിക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## സർക്കാർ മെഡിക്കൽ കോളേജുകളെ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി നടത്തി വരുന്ന വികസന പ്രവർത്തനങ്ങൾ

- ഈ സർക്കാർ അധികാരത്തിൽ വന്ന ഉടനെ തന്നെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും മുൻതൂക്കംനൽകി വരുന്നു.ഇത്തരത്തിൽ മെഡിക്കൽ കോളേജുകളുടെ സൗകര്യം വർദ്ധിപ്പിച്ചത് വഴി കഴിഞ്ഞ വർഷം 72-ഉം ഈ വർഷം 75- ഉം പുതിയ പി.ജി സീറ്റുകൾക്ക് അംഗീകാരം ലഭിച്ചു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിനാണ് ഏറ്റവും കൂടുതൽസീറ്റ് ലഭിച്ചത്.
- ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ആകെ 1565 അധ്യാപക / അനധ്യാപക തസ്തികകൾ സൃഷ്ട്ടിച്ചു.
- ആദ്യമായി ആരോഗ്യ സർവ്വകലാശാലയിൽ 175 തസ്തികകൾ അനുവദിച്ചു.
- കൊല്ലം പാരിപ്പള്ളിയിൽ പുതുതായി മെഡിക്കൽ കോളേജ് ആരംഭിച്ചു. ഇതിലേക്ക് 473 തസ്തികകൾ സൃഷ്ട്ടിച്ചു. കഴിഞ്ഞ വർഷം 100 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്-ന് പ്രവേശനം നൽകി.
- സ്റ്റാഫ് നഴ്സിന്റെ പാറ്റേൺ പുതുക്കുന്നതിന് ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലേക്കായി 721 സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ട്ടിച്ചു.
- 5 മെഡിക്കൽ കോളേജുകളിൽ ആർ.സി.സി മോഡൽ ചികിത്സ നൽകുന്നതിനായി സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പാത്തോളജി തുടങ്ങുന്നതിനു തീരുമാനിക്കുകയും, അതിലേക്കായി 105 തസ്തിക സൃഷ്ട്ടിച്ചു.
- കേരളത്തിൽ ആദ്യമായി ഡി.എം എൻഡോ ക്രൈനോളജി കോഴ്സിന് എം.സി.ഐ-യിൽ നിന്നും അംഗീകരം നേടിയെടുത്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിന് 2 സീറ്റിന് അംഗീകാരംനേടി കോഴ്സ് ആരംഭിച്ചു.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡി.എം നെഫ്രോളജിക്ക് 2 സീറ്റിന് അംഗീകാരം നേടി കോഴ്സ് ആരംഭിച്ചു.
- കേരളത്തിലാദ്യമായി കോട്ടയം ദന്തൽ കോളേജിൽ പബ്ലിക് ഹെല്ത്ത് ദന്തിസ്ട്രി എം.ഡി.എസ് കോഴ്സ് ആരംഭിച്ചു.
- കേരളത്തിൽ ആദ്യമായി ഡെന്റൽ വിഭാഗത്തിൽ തിരുവനന്തപുരം ഡെന്റൽ കോളേജിനോടനുബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി ആരംഭിക്കുന്നതിനു അനുമതി നൽകി.

- കേരളത്തിൽ ആദ്യമായി ബി.എസ്.സി ഡയാലിസിസ് ടെക്നോളജി കോഴ്സ് ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകി.
- തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ നാമമാത്രമായിരുന്ന പീഡിയാട്രിക് കാർഡിയോളജി വിഭാഗം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പീഡിയാട്രിക് കാർഡിയോളജി 6 കോടി രൂപ ചിലവ് വരുന്ന കാത്ത് ലാബ് അനുവദിച്ചു. ടി വിഭാഗത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് അധ്യാപക അനധ്യാപകരുടെ 13 തസ്തിക അനുവദിച്ചു .
- കേരളത്തിൽ ആദ്യമായി എസ്.എ.റ്റി-യിൽ റീപ്രൊഡക്ടീവ് മെഡിസിൻ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം (MCH) ആരംഭിക്കുന്നതിനു ആദ്യഘട്ടമെന്ന നിലയിൽ ടി വിഭാഗത്തിന്റെ വിപുലീകരണത്തിന് പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അനുവദിച്ചു. (3)
- മെഡിക്കൽ കോളേജുകളിൽ ആർദ്രം പദ്ധതി നടപ്പാക്കുന്നതിനായി 51.81 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിൽ ആദ്യ ഗഡു ആയി 12.92 കോടി രൂപ അനുവദിച്ചു. തിരുവനന്തപുരം എസ്. എ. റ്റി-യിൽ ആർദ്രം പദ്ധതി ആരംഭിച്ചു. അടുത്ത ഘട്ടത്തിൽ 38.89 കോടി രൂപ അനുവദിക്കുന്നതിന്നനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു
- മെഡിക്കൽ കോളേജുകളുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് 717.29 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരമായി. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി വികസിപ്പിക്കുന്നതിന് (PMSSY പദ്ധതി ) 150 കോടിവീതം അനുമതി നൽകി പണികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു . ഇതിൽ 30 കോടി സംസ്ഥാന ഷെയർ ആണ്.
- മഞ്ചേരി, എറണാകുളം, പാരിപ്പള്ളി മെഡിക്കൽ കോളേജുകൾക്ക് കാത്ത് ലാബ് അനുവദിച്ചു .
- കാൻസർ ചികിത്സ രംഗത്ത് നൂതനമായ ചികിത്സ നൽകുന്നതിന്റെ ഭാഗമായി 48 കോടി രൂപ ചെലവിൽതിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിന് അനുമതി നൽകി.
- കാൻസർ ചികിത്സാ വിഭാഗത്തിൽ തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ എന്നിവിടങ്ങളിൽ 7.5 കോടി രൂപക്ക് ടെലി കൊബാൾട്ട് മെഷീൻ സ്ഥാപിക്കുന്നതിന് അനുമതി നൽകി.
- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഇ ഗവേൺസ് നടപ്പാകുന്നതിൻെറ പ്രാഥമിക ഘട്ടം പൂർത്തീകരിച്ചു.

- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ബയൊ മെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തി.
- ആധുനിക മരുന്നു സംഭരണശാലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഉൽകൃഷ്ട സ്ഥാപനങ്ങൾ ( Centre of Excellence) ആയി ഉയർത്തുന്ന പരിപാടിയുടെ ഭാഗമായി പുതിയ ഒ.പി, കാഷ്വാലിററി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആർദ്രം, ഇ ഹെൽത്ത് എന്നീ പദ്ധതികളുടെ പ്രവർത്തനവും നടന്നു വരുന്നു.
- എസ്.എ.ററി ആശുപത്രിയിലെ കുട്ടികളുടെ വിഭാഗം ഉൽകൃഷ്ട സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി ഒ.പി ട്രാൻസ്ഫർമേഷൻ പണികൾ പൂർത്തിയായി വരുന്നു. ഇത് പൂർത്തിയാകുമ്പോൾ അത്യാഹിത വിഭാഗവും ഒ.പി യും ചേർന്നുള്ള ഒരു കോംപ്ലക്സ് രൂപീകൃതമാകുകയും അത് കൂടാതെ സീരിയസ് ആയി വരുന്ന രോഗികളെ അത്യാഹിതവിഭാഗത്തിൽ വച്ചു തന്നെ ആവശ്യം വേണ്ട ചികിൽസ നൽകാനുള്ള സൗകര്യം ഉണ്ടായിരിക്കും. ഇതു കൂടാതെ രോഗികൾക്കും മാതാപിതാക്കൾക്കും സൗകര്യമായി ഇരിക്കാനുള്ള ഇരിപ്പിടങ്ങളും ശുദ്ധജലവും ടോയ്ലററ് സൗകര്യവും ഒരുക്കുന്നു.
- പീഡിയാട്രിക് നെഫ്രോളജി ഡിപ്പാർട്ട്മെന്റിന് പുതിയ വാർഡ് ഉൽഘാടനം ചെയ്തു. വൃക്കരോഗമുള്ള കുട്ടികൾക്ക് ഹീമോഡയാലിസിസ് പെരിട്ടോണിയൽ ഡയാലിസിസ്, റീനൽ ബയോപ്സി എന്നിവ ചെയ്യുന്നു.
- പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കി നൽകിയിട്ടുണ്ട്.
- നവജാത ശിശുക്കളുടെയും, 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെയും, ഗർഭസ്ഥ ശിശുക്കളുടെയും ഹൃദ്രോഗനിർണ്ണയത്തിന് 82 ലക്ഷം ചെലവ് വരുന്ന എക്കോകാർഡിയോഗ്രാഫി മെഷീൻ സേവനം ലഭ്യമാക്കി.
- മെഡിക്കൽ കോളേജിൽ ലെവൽ 2 ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുവാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. 12 കോടി രൂപയോളം പദ്ധതിക്കായി ചിലവഴിച്ചു. 22 കോടിയോളം രൂപയ്ക്കുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

- ലീനിയർ ആക്സലേറററ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അതോടൊപ്പം ഇന്റർവെൻഷണൽ റേഡിയോളജി സൗകര്യം ഒരുക്കുന്നതിനുവേണ്ടി പുതിയ ഡി.എസ്.എ. മെഷീൻ പ്രവർത്തനമാരംഭിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Paediatric Cardiology, New burn Unitഎന്നീ വിഭാഗങ്ങൾ ആരംഭിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി വിഭാഗം ആരംഭിക്കുവാനുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.
- 60 പിജി സീറ്റുകൾ വിവിധ വിഭാഗങ്ങളിലായി വർധിപ്പിച്ചിട്ടുണ്ട്.
- തിരുവനന്തപുരം SAT യിൽ പുതിയ മാതൃ-ശിശു മന്ദിരം പ്രവർത്തനമാരംഭിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലെവൽ 2 ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുവാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. 12 കോടി രൂപയോളം പദ്ധതിക്കായി ചിലവഴിച്ചു. 22 കോടിയോളം രൂപയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനക്ഷമം ആക്കുന്നതിനായി 550 ലക്ഷം രൂപ അനുവദിച്ചു അതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു .
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇ ഹെൽത്ത് പദ്ധതി പ്രകാരം രോഗികളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഒ. പി യിൽ ടോക്കൺ സംവിധാനവും, അപ്പോയിൻറ്മെൻറ് സംവിധാനവും ഏർപ്പെടുത്തി.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 5 കോടി രൂപ ചിലവിൽ കാർഡിയോളജി വിഭാഗത്തിൽ രണ്ടാമത്തെ കാത്ത് ലാബ് ആരംഭിച്ചു.
- കോട്ടയം മെഡിക്കൽ കോളേജിൽ ന്യൂനതകൾ പരിഹരിച്ച് വർദ്ധിപ്പിച്ച MBBS സീറ്റുകളുടെ സ്ഥിര അംഗീകാരം പുനസ്ഥാപിച്ചു നേടിയെടുത്തു.
- കോട്ടയം മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 ൽ 42.98 കോടി രൂപയും, 2017-18 -ൽ 15.80 കോടി രൂപയും അനുവദിച്ചിട്ടുണ്ട് .Casualty block, ഫാർമസി കോളേജ് ,house surgeon quarters, campus road എന്നിവയുടെ നിർമാണം പുരോഗമിക്കു.ന്നു
- കോട്ടയം മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലായി 178 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.
- കാർഡിയോളജി വിഭാഗത്തിൽ 4.82 കോടി രൂപ ചിലവിൽ രണ്ടാമത്തെ കാത്ത് ലാബ് സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

- കോട്ടയം മെഡിക്കൽ കോളേജിൽ RSBY ഫണ്ടിൽ നിന്നും 10. 6 കോടി രൂപ ചിലവഴിച്ച പുതിയ സി. ടി സ്കാനറിനും, ന്യൂറോ സർജറി, ട്രോമാ കെയർ എന്നി വിഭാഗങ്ങളുടെ വികസനവും നടത്തി.

- കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഭിന്നലിംഗക്കാർക്ക് മാത്രമായി ഒ. പി സംവിധാനം ആരംഭിച്ചു.

- അത്യാഹിത വിഭാഗം പുതിയ ബ്ലോക്കിനായി 16 കോടി അനുവദിക്കുകയും എടുത്ത് താഴത്തെ നിലയുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുകയും ഉത്ഘാടനം നടത്തുകയും ചെയ്തു. മുകളിലത്തെ നിലകളുടെ പണി പൂർത്തീകരിച്ച്കൊണ്ടിരിക്കുന്നു.

- ലോ എനർജി ലീനിയർ ആക്സിലേററർ സ്ഥാപിക്കുന്നതിനായി 12 കോടിയോളം അനുവദിക്കുകയും അതനുസരിച്ച് കെ.എം.സി.എൽ ടെണ്ടർ ചെയ്ത് പർച്ചേസ് ഓർഡർ കൊടുത്തു. മെഷീൻ സ്ഥാപിക്കുന്നതിനുള്ള ബങ്കറിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

- ഇന്റേണൽ റോഡ് നവീകരണത്തിനായി 5.4 കോടി അനുവദിച്ചു. പി.ഡബ്ല്യു.ഡി ഡീററയിൽഡ് എസ്റ്റിമേററ് തയ്യാറാക്കുന്നതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

- കോട്ടയം കുട്ടികളുടെ ആശുപത്രിയിൽ രണ്ട് ടോയ്ലററ് ബ്ലോക്കും എന്റമിക് വാർഡ്, മെഡിക്കൽ വാർഡ്, ക്യാൻസർ വാർഡ് ഉം എ,ബി,സി ബ്ലോക്കും കണക്ട് ചെയ്യുന്ന പാസേജ് എന്നിവയ് ക്ക് 10 കോടി അനുവദിച്ചു. ഇതിനായി പി.ഡബ്ല്യു.ഡി എസ്റ്റിമേററ് പ്ലാൻ എന്നിവ തയ്യാറക്കുന്നു.

- ഇൻസിനറേററിനായി ഒരു കോടി 25 ലക്ഷം അനുവദിക്കുകയും 35 ലക്ഷം എക്യുപ്മെന്റിനായി പുതിയതായി അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇൻസിനറേറർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തീകരിച്ചു. മെഷീൻ വാങ്ങുന്നതിന് ടെൻണ്ടർ നടപടികൾ പൂർത്തീകരിച്ച് വരുന്നു. ഇലക്ട്രിക്കൽ കണക്ഷനായി 75 ലക്ഷം അനുവദിച്ചു. ടെൻഡർ ചെയ്ത് വർക്ക് അവാർഡ് ചെയ്തു.

- ഗൈനക്കോളജി ബ്ലോക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ടോയ്ലററ് റിനൊവേഷൻ, വാർഡുകൾ നവീകരണംസ്വീവേജ് ലെനിന്റെ വർക്ക്, ജി 10 ന്റെ നവീകരണം പൂർത്തീകരിക്കുന്നതിന്, നിയോനാറ്റോളജി ഐ.സി.യു.വിന്റെ ജോലികൾ കൂട്ടിരിപ്പുകാർക്കുള്ള വിശ്രമ സ്ഥലം റീപ്രൊഡക്ഷൻ സെന്റർ സ്ട്രക്ചർ വർക്ക്, ലേബർ റൂമിന്റെ നവീകരണം, ഇലക്ട്രിക്കൽ വർക്ക് എന്നീ

പ്രവർത്തനങ്ങൾക്കായി 28.1 കോടി രൂപ അനുവദിക്കുകയും ഈ തുക ഉപയോഗിച്ച് മികച്ച രീതിയിൽ പ്രവർത്തനം നടത്തുകയും ചെയ്യുന്നു.

- ക്യാൻസർ വാർഡിനായി ഇലക്ട്രിക്കൽ വർക്ക്, 23 ആം വാർഡിന്റെ നവീകരണം, ഒ.പി. നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 1.6 കോടി രൂപ അനുവദിച്ചു. നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- ലോൺട്രി നവീകരണം അത്യാഹിത വിഭാഗത്തിലെ ഓപ്പറേഷൻ തീയേററർ ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 1.46 കോടി രൂപ അനുവദിച്ചു.
- കുട്ടികളുടെ ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിലെ താഴത്തെ നിലയ്ക്ക് ആവശ്യമായ ഉപകരണങ്ങൾക്കയി 1.8 കോടി രൂപ അനുവദിച്ചു. ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി ആരംഭിച്ചു.
- റെസ്പിറേററി ഐ.സി.യു. വിനായി 59 ലക്ഷം അനുവദിച്ചു. ഐ.സി,യു വിനുള്ള സ്ഥലം നവീകരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.
- ന്യൂറോ സർജറി ഐ.സി.യു വിനായി 58.61 ലക്ഷം അനുവദിക്കുകയും പണിപൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു.
- നെഫ്രോളജി വിഭാഗത്തിൻ ഉപകരണങ്ങൾ വാങ്ങുന്നതിന് 53.45 ലക്ഷം അനുവദിച്ചു. ഗൈനക്കോളജി വിഭാഗത്തിന് 65.5 ലക്ഷം അനുവദിച്ചു.
- ആശുപതിയുടെ സമഗ്ര വികസനത്തിനായി KIFBY സമർപ്പിക്കുവാൻ 500 കോടി രൂപയുടെ പ്രോജക്ട് HLL തയ്യാറാക്കി തയ്യാറാക്കിയത് ഗവൺമെന്റിന് ലഭ്യമാക്കിയിട്ടുണ്ട്.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആദ്യമായി 8.60 കോടി രൂപ ചിലവഴിച്ചുകൊണ്ട് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി19 തസ്തികകളും, കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കുന്നതിനായി 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ 1 കോടി രൂപ ചെലവഴിച്ചു കൊണ്ട് കേടായ ടെലികൊബാൾട്ട് മെഷീൻ ഉപയോഗ പ്രദമാക്കി ക്യാൻസർ രോഗികൾക്കായി റേഡിയേഷൻ ചികിത്സ പുന:സ്ഥാപിച്ചു. കീമോ ഡേ കെയർ സെന്റർ ക്യാൻസർ രോഗികൾക്കായി പണി കഴിപ്പിച്ചു.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്ക്, വെയർ ഹൗസ്, ഗസ്റ്റ് ഹൗസ്, പേ വാർഡ് ബ്ലോക്ക്, സ്റ്റാഫ് & പി. ജി ക്വാർട്ടേഴ്സ്, എന്നിവയെല്ലാം ഉടൻ പൂർത്തിയാകുന്നതാണ്.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ 9 കോടി രൂപ ചിലവിൽ ക്യാമ്പസ് റോഡുകളുടെ നവീകരണവും, സുരക്ഷാ നടപ്പാതകളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

- **തൃശ്ശൂർ മെഡിക്കൽ കോളേജിൽ** അക്കാദമിക് ബ്ലോക്ക് 41.83 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. സ്റ്റുഡന്റ്സ് ലാബുകളും, മ്യൂസിയങ്ങളും ആധുനികരീതിയിൽ സജ്ജീകരിക്കുന്നതിനും, മികച്ച ലക്ചർ ഹാളുകൾ ഒരുക്കുന്നതതിനുമായുള്ള പ്രവൃത്തിക്ക് 5.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ പൊതുമരാമത്ത് വിഭാഗം മുഖേന ചെയ്തുവരുന്നു. പുതിയ ലൈബ്രറി, ഓഡിറ്റോറിയം എന്നിവക്കായി 2018-19 വർഷത്തെ ബജറ്റിൽ 9.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാരാമെഡിക്കൽ വിദ്യാഭ്യാസത്തിന് കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനായി 2017-18ൽ അനുവദിച്ച 2.50 കോടി രൂപയുടെ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്തുവരുന്നു. 2018-19ലെ ബജറ്റിൽ 50 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.
- എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് കൂടുതൽ താമസസൗകര്യമൊരുക്കുന്നതിനായുള്ള 2 ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമ്മാണം 7 കോടി രൂപ ചെലവിൽ പുരോഗമിക്കുന്നുണ്ട്. പി.ജി.റസിഡന്റ്സിനായി 5.40 കോടി രൂപ ചെലവിൽ 24 ക്വാർട്ടേഴ്സുകളുടെ പണി പൂർത്തിയായിട്ടുണ്ട്. 12.81 കോടി രൂപ ചെലവിൽ 56 ക്വാർട്ടേഴ്സുകളുടെ [illegible]ം പുരോഗമിക്കുന്നു. 2018-19ലെ ബജറ്റിൽ 3 കോടി രൂപ കൂടി അനുവദിച്ചി[illegible] ഈ മെഡിക്കൽ കോളേജിലെ പൂർവ്വ വിദ്യാർത്ഥികൾ 6 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയം-കം-എക്സാമിനേഷൻ ഹാൾ സർക്കാരിന് കൈമാറിയിട്ടുണ്ട്.
- ക്യാൻസർ രോഗചികിത്സ ആധുനീകരിക്കുന്നതിന്റെ ഭാഗമായി ഈ മെഡിക്കൽ കോളേജിൽ 22.03 കോടി രൂപ ചെലവിൽ ലീനിയാർ ആക്സിലറേറ്റർ, സി.ടി.സിമുലേറ്റർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. 2.25 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച ഈ മെഡിക്കൽ കോളേജിലെ രണ്ടാമത്തെ സി.ടി സ്കാനർ പ്രവർത്തനമാരംഭിച്ചു. ആശുപത്രി കെട്ടിടങ്ങളുടെ വൈദ്യുതീകരണ സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിന് 3 കോടി രൂപയുടെ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ഡോക്ടർമാരുടയെും, പാരാമെഡിക്കൽ ജീവനക്കാരുടേയും നൈപുണ്യവികസനത്തിനുള്ള പരിശീലനപരിപാടിക്കായി 2018-19ലെ ബജറ്റിൽ 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഭിന്നശേഷി/വയോജന സൗഹൃദ അന്തരീക്ഷം ആശുപത്രികളിൽ സംജാതമാക്കുന്നതിന് 1 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. ട്രോമാകെയർ വിഭാഗത്തിന്റെ ശാക്തീകരണത്തിനായി 2.50 കോടി രൂപയുടെ പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

- ആധുനികരീതിയിൽ സുരക്ഷാനടപ്പാതകളോടുകൂടിയ റോഡുകൾ നിർമ്മിച്ച് സ്ട്രീറ്റ് ലൈറ്റുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, സുരക്ഷാ കാമറകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി (9 കോടി) പുരോഗമിക്കുകയാണ്. കാമ്പസിൽ ആഭ്യന്തര ജലസ്രോതസ്സുകൾ കണ്ടെത്തി, മഴവെള്ളക്കൊയ്ത്തിലൂടെ അവയെ ശക്തിപ്പെടുത്തി ജലവിതരണം കാര്യക്ഷമമാക്കുന്ന പദ്ധതി 6.75 കോടി രൂപയുടെ നബാർഡ് ധനസഹായത്തോടെ പൂർത്തിയായിവരുന്നു.
- മഞ്ചേരി മെഡിക്കൽ കോളേജിൽ റേഡിയോളജി ലബോറട്ടറി കോംപ്ലക്സ് ഫേസ് 1 (3 കോടി), ക്ലിനിക്കൽ ബ്ലോക്ക് ഫേസ് 1 & 2 (5 കോടി 20 ലക്ഷം), മോർച്ചറി കോംപ്ലക്സ് (40 ലക്ഷം), ശിശു വിഭാഗത്തിൽ നവീകരണ പ്രവർത്തനങ്ങൾ (1 കോടി 80 ലക്ഷം) എന്നീ നിർമാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- മഞ്ചേരി മെഡിക്കൽ കോളേജിൽ കാൻസർ രോഗ നിർണ്ണയത്തിനുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുവാനായി 99 ലക്ഷം രൂപ അനുവദിച്ചു.
- മഞ്ചേരി മെഡിക്കൽ കോളേജിൽ അൾട്രാ സൗണ്ട് മെഷീൻ, മാമോഗ്രഫി മെഷീൻ, ആർത്രോസ്കോപ്പും, അനുബന്ധ ഉപകരണങ്ങളും, ഇ.എൻ.ടി എച്ച്.ഡി.സെറ്റ്, കംപ്യൂട്ടർ റേഡിയോഗ്രഫി എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- മഞ്ചേരി മെഡിക്കൽ കോളേജിൽ Medical Council of India അംഗീകാരം നേടിയെടുക്കുന്നതിനിന്റെ ഭാഗമായി 11.16 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ Ladies & Mens hostel, Quarters എന്നിവ ഉൾപ്പെടുന്നു.
- എറണാകുളം മെഡിക്കൽ കോളേജിൽ KIIFB -ൽ ഉൾപ്പെടുത്തി 368.75 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചു. ഇതിൽ Super Speciality Block, Gynecology block, Hostel, Quarters എന്നിവ ഉൾപ്പെടുന്നു.
- എറണാകുളം മെഡിക്കൽ കോളേജിൽ 8 കോടി രൂപ ചിലവഴിച്ച CATH LAB സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു.

- എറണാകുളം മെഡിക്കൽ കോളേജിൽ പദ്ധതി വിഹിതത്തില് ഉൾപ്പെടുത്തി ആശുപത്രികളുടെ സമഗ്ര നവീകരണത്തിനായി 12 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.
- എറണാകുളം മെഡിക്കൽ കോളേജിൽ പുതിയ ഉപകരണങ്ങൾക്കായി 644 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- എറണാകുളം മെഡിക്കൽ കോളേജിൽ Nephro, Cardio, Neuro വിഭാഗങ്ങൾ ഉൾപ്പടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്.
- എറണാകുളം മെഡിക്കൽ കോളേജിന് 25 കോടി ഇമേജ് സെന്റർ നിർമിക്കാൻ അനുമതി നൽകി.
- ആലപ്പുഴ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന വികസനത്തിനും കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും ആവശ്യമായ പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഓരോ വർഷവും 150 എം.ബി.ബി.എസ്. സീററിൽ പ്രവേശനം നടത്തുന്ന ഈ കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിന് ഫാക്കൾററി ഡഫിഷൻസി കുറച്ചുകൊണ്ടുവരുകയും സ്ഥിരമായ അംഗീകാരം നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിററി കോഴ്സായ ഡി.എം. നെഫ്രോളജി തുടങ്ങുന്നതിന് അംഗീകാരം നേടിയെടുത്ത് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കാൻസർ രോഗ ചികിൽസാ രംഗത്ത് ആർ.സി.സി. മോഡൽ ചികിൽസ നൽകുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി എന്നീ വിഭാഗങ്ങൾ അനുവദിക്കുകയും ആദ്യ ഘട്ടമെന്ന നിലയിൽ ഡോക്ടർമാരുടെ അടക്കം 21 തസ്തിക അനുവദിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാർമസി കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും സുഗമമായ നടത്തിപ്പിനുമായി 4 അദ്ധ്യാപക തസ്തിക സൃഷ്ടിച്ചു. ആശുപത്രിയിലെ നഴ്സുമാരുടെ കുറവ് പരിഹരിക്കുന്നതിനും സ്റ്റാഫ് നേഴ്സ് പാറേറൺ പുതുക്കുന്നതിന്റെ ഭാഗമായി അവിടെ 51 സ്റ്റാഫ് നഴ്സിന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി.
- ആലപ്പുഴ മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ & ഇമ്മ്യൂണോളജി വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു അസോസിയേററ് പ്രൊഫസർ ഉൾപ്പെടെ 6 തസ്തിക അനുവദിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ഡി.എം. കാർഡിയോളജി ഉൾപ്പെടെ 13 സീററും, ഈ വർഷം

ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗങ്ങളിൽ 7 സീററിലേക്കും നിലവിലുണ്ടായിരുന്നതിനേക്കാളും അധികമായി പ്രവേശനം നൽകുന്നതിന് എം.സി.ഐ.യുടെ അംഗീകാരം ലഭിച്ചു.

- അസററ്മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ഗവണ്മെന്റ് ററി.ഡി.മെഡിക്കൽ കോളേജ് ആശുപത്രിയിലെ പഴയ ബ്ലോക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ (എസ്റ്റിമേററ് തുക 205 ലക്ഷം രൂപ) പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പ് കോളേജിന് കൈമാറിയിട്ടുണ്ട്.
- 180 വിദ്യാർത്ഥികൾക്ക് ഇരിപ്പിട സൗകര്യമുള്ള ഗ്യാലറി മാതൃകയിലുള്ള രണ്ട് ലക്ചറർ ഹാളുകൾ (എസ്റ്റിമേററ് തുക 3 കോടി രൂപാ) നിർമ്മാണം ഉടനടി പൂർത്തീയാകുന്നതാണ്.
- 39.28 കോടി രൂപ മുതൽ മുടക്കി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്.
- ട്രോമ കെയർ പദ്ധതിക്കായി16.47കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.
- കൂടാതെ സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിനായി 30 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ ഫാർമസി കോളേജ്, പി.ജി. വിദ്യാർത്ഥികളുടെ ക്വാർട്ടേഴ്സ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനായി 36 കോടി രൂപ അനുവദിച്ചു.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ 12 കോടി രൂപ ചെലവിൽ എം.ആർ. സ്കാൻ സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ ന്യൂനതകൾ പരിഹരിച്ച് വർദ്ധിപ്പിച്ച 50 MBBS സീറ്റുകൾക്ക് പൂർണമായും അംഗീകാരം നേടിയെടുത്തു.
- കൊല്ലം മെഡിക്കൽ കോളേജിൽ നിർമാണ പ്രവർത്തനങ്ങൾ അടക്കമുള്ള വികസനത്തിനായി 27 കോടി രൂപ അനുവദിച്ചു
- കൊല്ലം മെഡിക്കൽ കോളേജിൽ, മറ്റ് മെഡിക്കൽ കോളേജുകളെ പോലെ വാർഡുകൾ ബ്ലഡ് ബാങ്ക്, തീയേറ്ററുകൾ, ലേബർ റൂം, കാഷ്വലിറ്റി മുതലായ എല്ലാ സൗകര്യങ്ങളും സജ്ജമായിട്ടുണ്ട്.
- കൊല്ലം മെഡിക്കൽ കോളേജിൽ ആധുനിക CT സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂനതകൾ പരിഹരിച്ച് വർദ്ധിപ്പിച്ച 50 MBBS സീറ്റുകൾക്ക് പൂർണമായി അംഗീകാരം നേടിയെടുത്തു.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ 44.50 കോടി രൂപ ചിലവിൽ ടെർഷ്യറി കാൻസ ർ സെന്ററിന്റെ നിർമാണം അവസാന ഘട്ടത്തിലാണ്.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ 100 കോടി രൂപ ചിലവിൽ Quarters, Hostel, ഡ്രഗ് ഹൗസ് എന്നിവ ഉൾപ്പെടെയുള്ള നിർമാണങ്ങൾ പുരോഗമിക്കുന്നു.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ 5. 8 കോടി രൂപ ചെലവിൽ സ്പെക്റ്റ് സിടി ഗാമ ക്യാമറയും, റേഡിയോളജി വിഭാഗത്തിൽ 6 കോടി രൂപ ചെലവിൽ അത്യാധുനിക 128 സൈസ് കാർഡിയാക് സി.ടി സ്കാനും സ്ഥാപിച്ചു.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ റേഡിയോ തെറാപ്പി, റേഡിയോ ഡയഗ്നോസിസ് വിഭാഗങ്ങൾക്ക് വേണ്ടി സി.റ്റി സിമുലേറ്റർ, ഡി.ആർ സിസ്റ്റം, അൾട്രാ സൗണ്ട് സ്കാനർ, പോർട്ടബിൾ ഡിജിറ്റൽ എക്സ്റേ മെഷീൻ എന്നിവ വാങ്ങുന്നതിന് ഭരണാനുമതി നൽകി.
- വയനാട് മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാനിന്റെ പദ്ധതിയ്ക്ക് (65 കോടിയുടെ) അംഗീകാരത്തിനായി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- വയനാട് മെഡിക്കൽ കോളേജിനു വേണ്ടിയുള്ള അക്സസ് റോഡു നിർമാണത്തിന് 3 കോടി രൂപയുടെ ഭാരണാനുമതി സർക്കാർ ഉത്തരവ് നം 4073/15/ആ.കു.വ തീയതി: 23.12.2015 പ്രകാരം നൽകിയിട്ടുണ്ട്.
- അക്സസ് റോഡിന്റെയും ഇന്റേണൽ റോഡിന്റെയും 12.9 കോടി രൂപയുടെ എസ്റ്റിമേറ്റ് തുടർ നടപടികൾക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചത് പരിശോധിച്ച് വരുന്നു.
- മററു മെഡിക്കൽ കോളേജുകളിലെ മാസ്റ്റർ പ്ലാൻ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

Bish

സെക്ഷൻ ഓഫീസർ